# കില
## വാർത്താപത്രിക

VOLUME - 7
ISSUE - 5
MAY 2014

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org





സങ്കേതം സോഫ്റ്റ് വെയറിനെക്കുറിച്ച് നഗരസഭകളിലെ എഞ്ചിനിയർമാർക്കുള്ള സംസ്ഥാനതല പരിശീലനപരിപാടി കിലയിൽ നഗരകാര്യ-ന്യൂനപക്ഷവകുപ്പുമന്ത്രി മഞ്ഞളാംകുഴി അലി ഉദ്ഘാടനം ചെയ്യുന്നു

# കെട്ടിടനിർമ്മാണത്തിനു ഇനി ഓൺലൈൻ അപേക്ഷകൾ മാത്രം: മന്ത്രി മഞ്ഞളാംകുഴി അലി

ജൂൺ ഒന്നു മുതൽ കെട്ടിടനിർമ്മാണ അനുമതിക്ക് ഓൺലൈൻ അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളുവെന്ന് നഗരകാര്യ-ന്യൂനപക്ഷവകുപ്പുമന്ത്രി മഞ്ഞളാംകുഴി അലി അറിയിച്ചു. സങ്കേതം സോഫ്റ്റ്വെയറിനെക്കുറിച്ച് നഗരസഭകളിലെ എഞ്ചിനിയർമാർക്കുള്ള സംസ്ഥനതല പരിശീലനപരിപാടി കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വികസനത്തെ പ്രോത്സാഹിപ്പിക്കാൻ നിർമ്മാണപ്രവർത്തനങ്ങൾ കൂടിയേ തീരൂ. വീടുവയ്ക്കാനുള്ള അനുമതിതേടി മാസങ്ങളോളം കാത്തിരിക്കുന്ന അവസ്ഥയ്ക്കു മാറ്റംവരണം. എഞ്ചിനി യർമാരും ഓവർസിയർമാരും മനസ്സുവച്ചാൽ ഇതിനു പരിഹാരം കാണാവുന്നതേയുള്ളൂവെന്നും മന്ത്രി പറഞ്ഞു.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷത വഹിച്ചു. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ എസ്. ദിവാകരൻ പിള്ള, സ്റ്റേറ്റ് അഡീഷ്ണൽ ടൗൺ പ്ലാനർ അജയ്കുമാർ എന്നിവർ സംസാരിച്ചു.വിവിധ നഗരസഭകളിൽനിന്നുള്ള എഞ്ചിനിയർമാരും ഓവർസിയർമാരുമാണ് രണ്ടു ദിവസത്തെ പരിശീലനപരിപാടിയിൽ പങ്കെടുക്കുന്നത്. ഐ.കെ.എം.സോഫ്റ്റ്വെയർ ഹെഡ് ബഷീർ, പ്രോജക്ട് മാനേജർ മഹേഷ്, ട്രെയിനർ അലക്സ് എന്നിവരാണ് പരിശീലനത്തിനു നേതൃത്വം നൽകുന്നത്. കോർഡിനേറ്റർ ബാബുരാജ് സ്വാഗതമാശംസിച്ചു.

കോർപ്പറേഷനുകളിലും നഗരസഭകളിലും കെട്ടിട നിർമ്മാണ അനുമതിക്ക് ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്നതിനും അനുമതി ലഭിക്കുന്നതിനും സൗകര്യമൊരുക്കുന്നതാണ് സങ്കേതം സോഫ്റ്റ് വെയർ. എവിടെ ഇരുന്നുകൊണ്ടും സംസ്ഥാനത്തെ ഏതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും ഇനി മുതൽ അപേക്ഷ അയക്കാം. കെട്ടിടത്തിന്റെ പ്ലാനും അനുബന്ധ രേഖകളും സ്കാൻ ചെയ്ത് അപേക്ഷയോടൊപ്പം അയക്കണം. കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റും അന്നുതന്നെ അപേക്ഷകനു ലഭിക്കും. നേരിട്ട് പരിശോധന ആവശ്യമുള്ള കേസ്സുകളിൽ ഉദ്യോഗസ്ഥർ പരിശോധനയ്ക്കു വരുന്ന ദിവസവും കമ്പ്യൂട്ടർ അറിയിക്കും. വേഗവും സുതാര്യതയും ഉറപ്പുവരുത്തുകയാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. അപേക്ഷകൻ പണമടയ്ക്കാൻ ഒരു പ്രാവശ്യം മാത്രമേ ഇനി മുതൽ ഓഫിസിൽ പോകേണ്ടതുള്ളൂ. ഇൻഫർമേഷൻ കേരള മിഷ(ഐ.കെ.എം)നാണ് ഇതിനുള്ള സോഫ്റ്റ് വെയർ വികസിപ്പിച്ചെടുത്തിട്ടുള്ളത്. 28 നഗരസഭകളിൽ പുതിയ സോഫ്റ്റ്വെയർ പ്രവർത്തനഘട്ടത്തിലാണ്. ശേഷിച്ചവയിലും ഉടനെ നടപ്പിലാക്കും.



പൈതൃകസംരക്ഷണവുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച വിദഗ്ദ്ധരുടെ കൂട്ടായ്മ

# ഏഴുജില്ലകളിൽ പൈതൃക മ്യൂസിയം തുടങ്ങും: ആർക്കിയോളജി ഡയറക്ടർ

**സംസ്ഥാനത്ത്** ഏഴു ജില്ലകളിൽ ജില്ലാപൈതൃക മ്യൂസിയം തുടങ്ങുമെന്ന് ആർക്കയോളജി വകുപ്പ് ഡയറക്ടർ പ്രേംകുമാർ അറിയിച്ചു.പൈതൃകസംരക്ഷണവുമായി ബന്ധപ്പെട്ട് കില സംഘടിപ്പിച്ച വിദഗ്ദ്ധന്മാരുടെ കൂട്ടായ്മയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഫോർട്ടു കൊച്ചിയിലെ ബാസ്റ്റൺ ബംഗ്ലാവ് (എറണാകുളം) ചെമ്പുക്കാവ് മ്യൂസിയം(തൃശ്ശൂർ), ശ്രീപാദം കൊട്ടാരം (തിരുവനന്തപുരം), കോന്നി ആനത്താവളം(പത്തനംതിട്ട), ഫോക്ക്ലോർ അക്കാദമി(പാലക്കാട്) മാനന്തവാടിയിലെ പഴശ്ശി കുടീരം (വയനാട്), കൊല്ലത്തെ പഴയ നഗരസഭാ മന്ദിരം എന്നിവയാണവ. സംസ്ഥാനത്ത് പന്ത്രണ്ട്പൈതൃക മ്യൂസിയങ്ങളും 165 സംരക്ഷിത സ്മാരകങ്ങളുമുണ്ടെന്ന് ഡയറക്ടർ അറിയിച്ചു. ചരിത്രം, പൈതൃകം, സംസ്കാരം എന്നിവയെക്കുറിച്ച് പുതിയ തലമുറ അജ്ഞരാണ്. ഹെറിറ്റേജ് എന്താണെന്നാണ് ടെക്നോപാർക്കിലെ പുതുതലമുറ ചോദിക്കുന്നതെന്നു അദ്ദേഹം പറഞ്ഞു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷനായിരുന്നു. തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പൈതൃകസംരക്ഷണവുമായി ബന്ധപ്പെട്ട പരിശീലനം നൽകുമെന്ന് ഡയറക്ടർ അറിയിച്ചു. പരിശീലനത്തിനുള്ള റിസോഴ്സ് പേഴ്സണെ കണ്ടെത്താനും കൈപ്പുസ്തകം തയ്യാറാക്കുനും നടപടി തുടങ്ങേണ്ടതുണ്ട്.

ഇൻടാക്ക് (ഇന്ത്യൻ നാഷ്ണൽ ട്രസ്റ്റ് ഫോർ ആർട്ട് ആന്റ് കൾച്ചറൽ ഹെറിറ്റേജ്) തൃശ്ശൂർ ചാപ്റ്റർ കോ-കൺവീനർ പി.പ്രേം മാനസി, ട്രഷറർ ഒ.എം. രാകേഷ്, സെക്രട്ടറി വിനോദ്കുമാർ, മാധ്യമപ്രവർത്തകൻ അജിത് വെണ്ണിയൂർ, കില അസോ.പ്രൊഫ. ഡോ.സണ്ണി ജോർജ്, പി.വി.രാമകൃഷ്ണൻ തുടങ്ങിയവർ സംബന്ധിച്ചു.



# സാങ്കേതിക വൈദഗ്ദ്ധ്യപോഷണത്തിനു കിലയിൽ കേന്ദ്രം

**പ്രാദേശിക** സർക്കാരുകളെ ശക്തിപ്പെടുത്തുന്നതിനുതകുന്ന സാങ്കേതിക വൈദഗ്ദ്ധ്യപോഷണത്തിനു കിലയിൽ കേന്ദ്രം തുടങ്ങുന്നു. കേന്ദ്രസർക്കാർ സ്ഥാപനമായ മഹാരാഷ്ട്രയിൽ വാർദ്ധയിലെ മഹാത്മാഗാന്ധി ഗ്രാമ വ്യവസായ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.പി.ബി.കലെയും കില ഡയറക്ടർ ഡോ. പി.പി.ബാലനും ഇതിനായുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ചു.ഡെപ്യൂട്ടി ഡയറക്ടർ ഡോ.രവികുമാർ, ഗാന്ധിഗ്രാം സർവകലാശാല പ്രൊഫസർ പഴനിദുര, കിലയിലെ അസോസിയേറ്റ് പ്രൊഫസർമാരായ ഡോ.സണ്ണി ജോർജ്, ഡോ.പീറ്റർ എം. രാജ് എന്നിവർ തദവസരത്തിൽ സന്നിഹിതരായിരുന്നു.പാരമ്പര്യേതര ഊർജം, കൈത്തറി, കൃഷി, പ്രകൃതിവിഭവങ്ങളുടെ ഉപയോഗം, ഗുണനിലവാര പരിശോധന എന്നീ മേഖലകളിൽ നൂതന സാങ്കേതികവിദ്യ എങ്ങനെ ഉപയോഗപ്പെടുത്താം എന്നതിനെക്കുറിച്ചാണ് പരിശീലനം നൽകുന്നത്. ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായിരിക്കും പരിശീലനം. കൂടാതെ വാർദ്ധയിലെ ഇൻസ്റ്റിറ്റ്യൂട്ടിലും പരിശീലനം നൽകും. ഇതിന്റെ ഭാഗമായി സ്ഥിരമായ ഒരു പ്രദർശനകേന്ദ്രവും കിലയിൽ സജ്ജമാക്കുന്നുണ്ടെന്ന് കില ഡയറക്ടർ അറിയിച്ചു.



തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജാഗ്രതാസമിതികൾ കാര്യക്ഷമമാക്കുന്നതിനു പഞ്ചായത്ത്-മുനിസിപ്പൽ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ കിലയിൽ നടന്ന ശിൽപ്പശാല സാമൂഹ്യനീതി-പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി സി.എം. ഷെരീഫ് ഉദ്ഘാടനം ചെയ്യുന്നു

## ജാഗ്രതാസമിതികൾ ശാക്തീകരിക്കാൻ സർക്കാർ നിയമഭേദഗതി കൊണ്ടുവരുന്നു

**സ്**ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അവകാശസംരക്ഷണത്തിനുമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിലവിലുള്ള ജാഗ്രതാസമിതികൾ ശാക്തീകരിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് നിയമത്തിലും കേരള മുനിസിപ്പൽ നിയമത്തിലും സർക്കാർ ഭേദഗതി വരുത്തും.വാർഡ് മെമ്പർ കൺവീനർമാരായി വാർഡ് തലത്തിലും പഞ്ചായത്ത് പ്രസിഡണ്ട് അദ്ധ്യക്ഷനായും ഐ.സി.ഡി.എസ് സൂപ്പർവൈസർ മെമ്പർ സെക്രട്ടറിയായി പഞ്ചായത്ത് തലത്തിലും ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.നിശ്ചിത കാലയളവിൽ സമിതി യോഗം വിളിച്ചുചേർത്തില്ലെങ്കിൽ സമിതിയിലെ ജനപ്രതിനിധികളുടെ അംഗത്വം നഷ്ടമാകുമെന്നതാണ് നിർദ്ദിഷ്ട നിയമഭേദഗതിയുടെ ഒരു സവിശേഷത.

ഇതുമായി ബന്ധപ്പെട്ട് കിലയിൽ നടന്ന ശിൽപ്പശാല സാമൂഹ്യനീതി-പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി സി.എം. ഷെരീഫ് ഉദ്ഘാടനം ചെയ്തു. കില ഡയറക്ടർ ഡോ. പി.പി. ബാലൻ അദ്ധ്യക്ഷനായിരുന്നു. സാമൂഹ്യനീതി വകുപ്പിലെ ലോ ഓഫീസർ ബി. പ്രതാപചന്ദ്രൻ, കില അസോസിയേറ്റ് പ്രൊഫസർ ഡോ. പീറ്റർ എം. രാജ്, ചൈൽഡ് റിസോഴ്സ് സെന്റർ കൺസൾട്ടന്റ് കെ.എൽ സുധാമണി, കില അസിസ്റ്റന്റ് ഡയറക്ടർ കെ.എം.സലിം, വനിത കമ്മീഷൻ അംഗം ഡോ.ലിസി ജോസ്, വനിത കമ്മീഷൻ പ്രോജക്ട് ഓഫീസർ ഡോ. പ്രേംന ശങ്കർ, നിർഭയ പ്രോജക്ട് ഓഫീസർ ഷാനിബ, കേരള സാമൂഹ്യനീതി-പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ സ്പെഷൻ പി.എ നാസർ എസ്റ്റേറ്റ്മുക്ക്, കൂത്താട്ടുകുളം പഞ്ചായത്ത് പ്രസിഡണ്ട് സീന ജോൺസൺ, മാള ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ അഡ്വ. ജി. കിഷോർകുമാർ, കിലയിലെ എക്സ്റ്റൻഷൻ ഫാക്കൽറ്റി അംഗങ്ങൾ എന്നിവർ പങ്കെടുത്തു. നിയമം എത്രയും വേഗം പ്രാബല്യത്തിൽ വരുത്താനായി ഓർഡിനൻസ് കൊണ്ടുവരുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണെന്നറിയുന്നു.

## വികസനപ്രവർത്തനങ്ങൾ പഞ്ചായത്തുകൾ മാതൃകയാക്കണം

**വി**കസനപ്രവർത്തനങ്ങളിലൂടെ മികവ് തെളിയിച്ച പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ മറ്റ് പഞ്ചായത്തകൾ മാതൃകയാക്കണമെന്ന് കില ഡയറക്ടർ ഡോ. പി.പി. ബാലൻ നിർദ്ദേശിച്ചു. മികച്ച വികസനപ്രവർത്തനങ്ങൾക്ക് സംസ്ഥാനസർക്കാരിന്റെ സ്വരാജ് ട്രോഫി കരസ്ഥമാക്കിയ സംസ്ഥാന-ജില്ലാതല വിജയികളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്ന പരിപാടി കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മാതൃകാപരമായ വികസനപ്രവർത്തനങ്ങൾ മറ്റ് പഞ്ചായത്തുകളിലേക്ക് എത്തിക്കുന്ന ദൗത്യം കില ഏറ്റെടുത്തിരിക്കുകയാണ്. കിലയുടെ പഞ്ചായത്തിൽനിന്ന് പഞ്ചായത്തിലേക്ക് എന്ന പരിപാടി ഇതിന്റെ ഭാഗമാണ്. വികസനപ്രവർത്തനങ്ങൾക്കുവേണ്ടി ഗ്രാമപഞ്ചായത്തുകൾക്ക് ഇത്രയേറെ ധനസഹായം ലഭിക്കുന്ന മറ്റൊരു സംസ്ഥാനവും ഇന്ത്യയിലില്ല. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ നാം ഏറെ മുന്നിലുമാണ്. അന്തർദേശീയതലത്തിൽ പോലും നമ്മുടെ വികസനപ്രവർത്തനങ്ങൾ അംഗീകാരം നേടിയിരിക്കുന്നു. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി. രാജൻ അദ്ധ്യക്ഷത വഹിച്ചു. കോർഡിനേറ്റർ യു.വി. ബാബുരാജ് ദ്വിദിന ശിൽപ്പശാലയുടെ കാര്യപരിപാടികൾ വിശദീകരിച്ചു. കവിയൂർ(പത്തനംതിട്ട), ചെമ്പിലോട് (കണ്ണൂർ), പുലാമന്തോൾ (മലപ്പുറം), മണീട് (എറണാകുളം), ഏങ്ങണ്ടിയൂർ (തൃശ്ശൂർ), കൃഷ്ണപുരം (ആലപ്പുഴ) തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർ സെക്രട്ടറിമാർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്. തങ്ങളുടെ പഞ്ചായത്തുകളിൽ നടപ്പിലാക്കിയ മാതൃകാപദ്ധതികളെക്കുറിച്ച് പ്രതിനിധികൾ സംസാരിച്ചു. രണ്ടാംദിവസം പൊതുചർച്ചയും അതിന്റെ ക്രോഡീകരണവുമായിരുന്നു.ഗ്രാമപഞ്ചായത്തുതലത്തിൽനടപ്പിലാക്കുന്ന കർമ്മപരിപാടികളും തയ്യാറാക്കും.

# സേവാഗ്രാം എന്ത്? എന്തിന്?

**കേരളത്തിലെ 978 ഗ്രാമപഞ്ചായത്തുകളിലും 60 മുനിസിപ്പാലിറ്റികളിലും 5 മുനിസിപ്പൽ കോർപ്പറേഷനിലുമുള്ള വാർഡുകളിൽ പ്രവർത്തനം ആരംഭിക്കേണ്ട സേവാഗ്രാമിന്റെ പ്രവർത്തനമാർഗ്ഗരേഖയെക്കുറിച്ച് എല്ലാവരും അറിയേണ്ടത് അത്യാവശ്യമാണ്. ഗ്രാമസഭ/വാർഡ്സഭ അംഗങ്ങളുടെ ഒത്തുചേരലിനും കാര്യക്ഷമമായ തുടർപ്രവർത്തനങ്ങൾക്കും സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ആസ്ഥാനമായിരിക്കും ഗ്രാമകേന്ദ്രങ്ങൾ.**

**കേ**രളത്തിലെ പഞ്ചായത്ത് രാജ് നിയമത്തിൽ വിഭാവനം ചെയ്ത അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാനശിലയായ ഗ്രാമസഭ/വാർഡ്സഭകൾ പുഷ്ടിപ്പെടുത്തുന്നതിനും വികേന്ദ്രീകൃത പ്രക്രിയ അർത്ഥപൂർണ്ണമാക്കുന്നതിനുമുള്ള മാർഗ്ഗമാണ് ഗ്രാമസഭ/വാർഡ്സഭ ശക്തിപ്പെടുത്തുക എന്നത്. പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ മാർഗ്ഗരേഖയിൽ (സ.ഉ.(എം.എസ്) നമ്പർ 362/2013/തസ്വഭവ തീയതി 16.11.2013) ഖണ്ഡിക 11.6.4 ൽ ഇക്കാര്യം കൂടുതൽ വ്യക്തമാക്കുകയും ഓരോ വാർഡിലും ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കണമെന്നും അനുശാസിക്കുന്നുണ്ട്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ സ്വപ്നമായ ഗ്രാമസ്വരാജ് സങ്കല്പം സാക്ഷാത്കരിക്കുന്നതിനുള്ള ഒരു ഉപാധി കൂടിയാക്കണം എല്ലാ വാർഡിലും ഉയർന്നുവരേണ്ട ഗ്രാമകേന്ദ്രങ്ങൾ. ഇപ്രകാരം നടപ്പാക്കുന്ന ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനത്തിനുള്ള ഒരു മാർഗ്ഗരേഖ കേരള സർക്കാരിന്റെ 28.3.2014 ലെ 35208/ഡി.എ.3/2012/തസ്വഭവ നമ്പറായി ഇറക്കിയ സർക്കുലറിലൂടെ വ്യക്തമാക്കുന്നുണ്ട്.

കേരളത്തിലെ 978 ഗ്രാമപഞ്ചായത്തുകളിലും 60 മുനിസിപ്പാലിറ്റികളിലും 5 മുനിസിപ്പൽ കോർപ്പറേഷനിലുമുള്ള വാർഡുകളിൽ പ്രവർത്തനം ആരംഭിക്കേണ്ട സേവാഗ്രാമിന്റെ പ്രവർത്തന മാർഗ്ഗരേഖയെക്കുറിച്ച് എല്ലാവരും അറിയേണ്ടത് അത്യാവശ്യമാണ്.ഗ്രാമസഭ/വാർഡ്സഭ അംഗങ്ങളുടെ ഒത്തുചേരലിനും കാര്യക്ഷമമായ തുടർപ്രവർത്തനങ്ങൾക്കും സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ആസ്ഥാനമായിരിക്കും ഗ്രാമകേന്ദ്രങ്ങൾ. സേവാഗ്രാം എന്ന് പേരിട്ട് വിളിക്കുന്ന ഈ ആ സ്ഥാപനം വാർഡിൽ നടക്കുന്ന ഭരണ-വികസന-ക്ഷേമ-സേവന-സാംസ്കാരിക-സാമൂഹ്യപ്രവർത്തനങ്ങളുടെ കൂട്ടായ്മക്കും ചർച്ചക്കും വിലയിരുത്തലിനും ക്രോഡീകരണത്തിനും വേദിയാകുന്നു.തീരുമാനങ്ങൾ നടപ്പാക്കാൻ വികസനസമിതിയെ സഹായിക്കുന്നതിനു വികേന്ദ്രീകൃതഭരണസേവന കേന്ദ്രമായി പ്രവർത്തിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പൽ കേർപ്പറേഷൻ പ്രദേശത്തും ഗ്രാമസഭ/വാർഡ്സഭ ഓഫീസായാണ് ഈ കേന്ദ്രം പ്രവർത്തിക്കേണ്ടത്. വാർഡ് വികസനസമിതി, വാർഡ്തല ആരോഗ്യ-ശുചിത്വസമിതി, വാർഡിലെ വിവിധ കർഷകസമിതികൾ, ജാഗ്രതാസമിതി, പരിസ്ഥിതിസമിതി, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി, ഗുണഭോക്തൃസമിതികൾ, കുടുംബശ്രീ എ.ഡി.എസ്, സാക്ഷരതാസമിതി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഏകോപനസമിതി, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ, തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ അനുമതിയോടെ രൂപീകരിക്കുന്ന മറ്റ് മത്സ്യസഭ, ഊരുകൂട്ടം, ജനകീയ സമിതികൾ എന്നിവയുടെ ആസ്ഥാനമായി ഗ്രാമകേന്ദ്രം പ്രവർത്തിക്കണം.

വാർഡിലെ വികസന സേവന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമൊപ്പം വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഒരു എക്സ്റ്റൻഷൻ കേന്ദ്രമായിരിക്കണം ഗ്രാമകേന്ദ്രം.വാർഡിനെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ, പൗരാവകാശരേഖ, തദ്ദേശഭരണസ്ഥാപനത്തിന്റെ വിജ്ഞാപനങ്ങൾ, അറിയിപ്പുകൾ, ഗുണഭോക്തൃപട്ടിക, ഭൂപടങ്ങൾ തുടങ്ങി ജനങ്ങൾക്ക് അറിയേണ്ട കാര്യങ്ങൾ അവിടെ പ്രദർശിപ്പിക്കേണ്ടതാ

### ഗ്രാമകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ

- ഗ്രാമസഭ/ വാർഡ്സഭ ഓഫീസായി ഗ്രാമകേന്ദ്രം പ്രവർത്തിക്കണം
- വാർഡ് വികസനസമിതി, വാർഡ്തല ആരോഗ്യ ശുചിത്വസമിതി, വാർഡിലെ മറ്റ് ഉപസമിതികൾ, ജനകീയസമിതികൾ, എന്നിവയുടെ ആസ്ഥാനകേന്ദ്രമായി പ്രവർത്തിക്കണം.
- വാർഡിലെ വികസന-സേവനപ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വേണ്ടി പ്രവർത്തിക്കണം.
- അയൽസഭകളുടെ ഏകോപന കേന്ദ്രമായി പ്രവർത്തിക്കണം.
- ഊരുകൂട്ടങ്ങളുടേയും മത്സ്യസഭകളുടേയും ഏകോപനകേന്ദ്രമായി വർത്തിക്കണം.
- വാർഡിനെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ലഭ്യമാകുന്ന തരത്തിൽ പ്രദർശിപ്പിക്കുന്ന ഓഫീസായിരിക്കണം.
- തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ അറിയിപ്പുകൾ, ഉത്തരവുകൾ, വിജ്ഞാപനങ്ങൾ, ഗുണഭോക്തൃ പട്ടിക, പൗരാവകാശ രേഖ എന്നിവ പ്രദർശിപ്പിക്കേണ്ടത് ഈ കേന്ദ്രത്തിന്റെ ചുമതലയാണ്.
- വാർഡ് തലത്തിൽ പ്രവർത്തിക്കുന്ന ജനകീയസമിതികളുടെ പ്രവർത്തനവും തീരുമാനങ്ങളും ഈ കേന്ദ്രത്തിൽ പ്രദർശിപ്പിക്കണം.
- വാർഡുതലത്തിൽ പ്രവർത്തിക്കുന്നതും ജനങ്ങൾക്ക് സേവനം നൽകുന്നതുമായ ഉദ്യോഗസ്ഥരുടെ സേവനകേന്ദ്രമായി പ്രവർത്തിക്കണം.
- ആഴ്ചയിൽ അഞ്ചുദിവസമെങ്കിലും ഉച്ചതിരിഞ്ഞ് മൂന്നുമുതൽ വൈകീട്ട് ഏഴുവരെ സേവനകേന്ദ്രം പ്രവർത്തിക്കേണ്ടതാണ്.
- പ്രവർത്തന സമയവും മറ്റുവിവരങ്ങളും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണം.
- ആവശ്യങ്ങൾ പഠിച്ച് വാർഡ് വികസനസമിതി നൽകുന്ന റിപ്പോർട്ടുകൾ യഥാസമയം തദ്ദേശ സ്ഥാപനത്തിനു നൽകണം.
- പട്ടികവർഗ്ഗ/പട്ടികജാതി/പരമ്പരാഗത മത്സ്യതൊഴിലാളികൾ/കുട്ടികൾ/സ്ത്രീകൾ/വൃദ്ധജനങ്ങൾ/ വയോജനങ്ങൾ/ഭിന്നശേഷിയുള്ളവർ എന്നീ വിഭാഗങ്ങൾക്ക് പ്രത്യേക ഗ്രാമസഭകൾ വിളിച്ചു ചേർക്കണം.
- ഗ്രാമസഭയുടെ ചുമതലകൾ കൃത്യമായി നിർവഹിക്കാൻ സഹായിക്കുക.
- വർഷത്തിൽ ഒരു ഗ്രാമസഭ ഗ്രാമോത്സവമായി സംഘടിപ്പിക്കണം.

ണ്.വാർഡ്തലത്തിൽ സേവനം നൽകുന്ന ഹെൽത്ത് ഇൻസ്പെക്ടർ, അങ്കണവാടി പ്രവർത്തകർ, വി.ഇ.ഒ, കൃഷി അസിസ്റ്റന്റ്, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, സാക്ഷരതാ പ്രേരക്, എസ്.സി–എസ്.ടി. പ്രൊമോട്ടർ, ആശാവർക്കർ എന്നിവരുടെ പ്രവർത്തന കേന്ദ്രവും സേവാഗ്രാമിൽ ആയിരിക്കണം.

വാർഡുകളിൽ പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങൾ ഗ്രാമകേന്ദ്രത്തിന്റെ ഓഫീസിനുവേണ്ടി ഉപയോഗിക്കാവുന്നതാണ് (അങ്കണവാടി, മറ്റു സ്ഥാപനങ്ങൾ) ഗ്രാമകേന്ദ്രത്തിന്റെ പ്രവർത്തനത്തിനാവശ്യമായ ചെലവ് തദ്ദേശസ്വയംഭരണസ്ഥാപനത്തിൽനിന്നും നിബന്ധനകൾക്ക് വിധേയമായി വഹിക്കാവുന്നതാണ്. സേവാഗ്രാം എന്ന പേരെഴുതിയ ബോർഡ്, രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജിയുടെ ഫോട്ടോ, നോട്ടീസ് ബോർഡ് എന്നിവ സ്ഥാപിക്കണം. പ്രവർത്തന ചുമതല വാർഡ്/ഗ്രാമസഭാ കേന്ദ്രത്തിന്റെ മുഖ്യചുമതലക്കാരനായ വാർഡ് മെമ്പർക്കായിരിക്കും. വസ്തുവകകളുടേയും രേഖകളുടേയും ചുമതല സെക്രട്ടറിക്കായിരിക്കും.

തദ്ദേശഭരണസ്ഥാപനത്തിന്റെ ജനപ്രതിനിധി ചെയർമാനും പഞ്ചായത്ത്/നഗരസഭ നാമനിർദ്ദേശം ചെയ്യുന്ന പൊതുസമ്മതരായ 10 തദ്ദേശവാസികളും വാർഡിലെ ഓരോ അയൽസഭയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരു സ്ത്രീയും ഒരു പുരുഷനും അംഗങ്ങളായി വാർഡ് വികസനസമിതി രൂപീകരിക്കണം. തുടർച്ചയായി മൂന്നു യോഗങ്ങളിൽ പങ്കെടുക്കാത്ത ആളെ നീക്കം ചെയ്ത് പകരം ആളെ തെരഞ്ഞെടുക്കാം. ഈ സമിതിയുടെ കാലാവധി തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ ഭരണസമിതിയുടെ കാലാവധി തന്നെ ആയിരിക്കും. മാസത്തിലൊരിക്കൽ വാർഡ് വികസനസമിതി യോഗം ചേരണം.

ഇതുകൂടാതെ ഓരോ വാർഡിലും ഗ്രാമകേന്ദ്രം കേന്ദ്രീകരിച്ച് ആ വാർഡിലെ 50 മുതൽ 100 വരെ അടുത്തടുത്ത കുടുംബങ്ങൾ ഉൾപ്പെടുന്ന അയൽസഭകളും രൂപീകരിക്കണം. റസിഡൻസ് അസോസിയേഷനുകളെ അയൽസഭയായി കണക്കാക്കാവുന്നതാണ്. തങ്ങളുടെ പ്രദേശത്ത് നടപ്പാക്കേണ്ട വികസനപ്രവർത്തനങ്ങളെ സംബന്ധിച്ച് അവയുടെ മുൻഗണനയെക്കുറിച്ചുമുള്ള നിർദ്ദേശങ്ങൾ നൽകേണ്ടത് അയൽസഭയുടെ ചുമതലയായിരിക്കും. മൂന്നുമാസത്തിലൊരിക്കൽ അയൽസഭ ചേരേണ്ടതാണ്.

**വാർഡിലെ വികസന സേവന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമൊപ്പം വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഒരു എക്സ്റ്റൻഷൻ കേന്ദ്രമായിരിക്കണം ഗ്രാമകേന്ദ്രം.വാർഡിനെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ, പൗരാവകാശരേഖ, തദ്ദേശഭരണസ്ഥാപനത്തിന്റെ വിജ്ഞാപനങ്ങൾ, അറിയിപ്പുകൾ, ഗുണഭോക്തൃപട്ടിക, ഭൂപടങ്ങൾ തുടങ്ങി ജനങ്ങൾക്ക് അറിയേണ്ട കാര്യങ്ങൾ അവിടെ പ്രദർശിപ്പിക്കേണ്ടതാണ്.**

എല്ലാ വാർഡുകളിലും അയൽസഭകൾ കാര്യക്ഷമമായി രൂപീകരിക്കുകയും വാർഡ് വികസനസമിതികൾ അതനുസരിച്ച് കാര്യക്ഷമമാക്കുകയും ചെയ്തുകൊണ്ട് സേവാഗ്രാമിന്റെ പ്രവർത്തനം കുറ്റമറ്റ രീതിയിൽ നടത്തുകയാണെങ്കിൽ ഇപ്പോൾ നിറം മങ്ങി നടത്തുന്ന ഗ്രാമസഭകളും വാർഡ്സഭകളും വർണ്ണശോഭയോടെ നടത്തുവാൻ കഴിയും. അപ്രകാരം ജനപ്രാതിനിധ്യത്തോടെ ഗ്രാമസഭകളും വാർഡ്സഭകളും നടത്തുകയും അഭിപ്രായരൂപീകരണവും നിർദ്ദേശങ്ങളുടെ ക്രോഡീകരണവും നടക്കുകയാണെങ്കിൽ വികേന്ദ്രീകൃത ഭരണസംവിധാനം തദ്ദേശസ്വയംഭരണസംവിധാനത്തെ തന്നെ ശക്തിപ്പെടുത്തുകയും സുതാര്യമായ ഭരണസംവിധാനം ഉണ്ടാക്കിയെടുക്കുവാനും കഴിയും എന്ന കാര്യത്തിൽ തർക്കമില്ല.

**വി.ജി.ശശിധരൻ തത്തപ്പിള്ളി**
കില ഹെൽപ് ഡെസ്ക്

## കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ ആരൂഢം ബഹുവർഷപദ്ധതി

**അ**ന്യമായിക്കൊണ്ടിരിക്കുന്ന നമ്മുടെ നാടിന്റെ പഴമയുടേയും പൗരാണികതയുടേയും നന്മ നിറഞ്ഞ അനുഭവങ്ങൾ പുതുതലമുറയിലെ കുട്ടികൾക്ക് തിരിച്ചു നൽകുന്നതിനു ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ആരൂഢം ബഹുവർഷ പദ്ധതി. കഥകൾ, കവിതകൾ, പാട്ടുകൾ തുടങ്ങിയ സാംസ്കാരിക പരിപാടികളും പഴമക്കാരുമായി ഒത്തുചേരലും കാർഷിക സംസ്കാരം കുട്ടികൾക്ക് പകർന്ന് നൽകുന്നതും പദ്ധതിയുടെ ഭാഗമാണ്. ആസ്വാദ്യകരമായ ഒരു കുട്ടിക്കാലം കുട്ടികളൽക്ക് പ്രദാനം ചെയ്യുന്നതിനും അതുവഴി പുതുതലമുറയെ രാജ്യഭാവിക്കുവേണ്ടിയുള്ള ഉത്തമ പൗരൻമാരാക്കി മാറ്റുന്നതിനുമുള്ള ഒരു മാതൃകാപദ്ധതിയായിട്ടാണ് ആരൂഢം പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.ജില്ലാപഞ്ചായത്തിന്റെ 12–ാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള ആരൂഢം ബഹുവർഷ പദ്ധതിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കിലയിൽ സംഘടിപ്പിച്ച ഏകദിന ശിൽപ്പശാലയിൽ കില ഡയറക്ടർ ഡോ. പി.പി ബാലൻ അദ്ധ്യക്ഷത വഹിച്ചു. പദ്ധതിയെക്കുറിച്ചും അതിന്റെ ആവശ്യകതയെക്കുറിച്ചും കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പ്രൊഫ. കെ.എ.സരള ആമുഖമായി സംസാരിച്ചു. തുടർന്ന് പദ്ധതിയെക്കുറിച്ച് പി.പി ദാമോദരൻ വിശദീകരിച്ചു. പഴയ കാലത്തെ എട്ടുകെട്ട് രൂപത്തിലുള്ള തറവാടായാണ് ഇതിന്റെ കെട്ടിടനിർമ്മാണം ആസൂത്രണം ചെയ്തിട്ടുള്ളത്. ജില്ലയിലെ ഐ.സി.ഡി.എസ് പ്രോജക്ട് ഏരിയകളുടെ അടിസ്ഥാനത്തിൽ കുട്ടികൾക്കുള്ള സഹവാസക്യാമ്പുകൾ നടന്നുകൊണ്ടിരിക്കുകയുമാണ്. ആരൂഢം തറവാട് കെട്ടിടനിർമ്മാണത്തിന്റെ പ്രാരംഭപ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നു.

ആരൂഢം പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതും അതിന്റെ ഭാവിപ്രവർത്തനങ്ങൾ കുട്ടികൾക്കുവേണ്ടി അവകാശാധിഷ്ഠിത ജീവിതചക്രക്രമത്തിൽ ((Right Based Life Cycle Approach) എങ്ങനെ ആസൂത്രണം ചെയ്യാമെന്നു കില ഡയറക്ടർ ഡോ.പി.പി. ബാലനും അസോസിയേറ്റ് പ്രൊഫസർ ഡോ.പീറ്റർ എം.രാജും വിവരിച്ചു. ചൈൽഡ് റിസോഴ്സ് സെന്റർ കൺസൾട്ടന്റ് കെ.എൽ,സുധാമണി, കില എക്സ്റ്റൻഷൻ ഫാക്കൽറ്റി അംഗങ്ങളായ എം.ജി. കാളിദാസൻ, കെ. ഗോപാലകൃഷ്ണൻ, എറണാകുളം സെന്റ് തെരാസ് കോളേജിലെ ധനതത്വശാസ്ത്രവിഭാഗം മേധാവി ഡോ. നിർമ്മല പദ്മനാഭൻ എന്നിവർ സംസാരിച്ചു. ജില്ലാ പഞ്ചായത്ത് സെക്രട്ടറി ശ്രീജിത്ത് എം.കെ, ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ഒ.രതി, ജില്ലാ പഞ്ചായത്തംഗങ്ങളായ കെ.രവീന്ദ്രൻ മാസ്റ്റർ, രുഗ്മിണി, മീനാക്ഷി ടീച്ചർ, റിസോഴ്സ് പേഴ്സൺ രത്നദാസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.വി.സജീവൻ ജില്ലാ നിർമ്മിതി കേന്ദ്രം സൈറ്റ് എഞ്ചിനീയർ ജയേഷ് എന്നിവരും ശിൽപ്പശാലയിൽ സന്നിഹിതരായിരുന്നു.

## ചോദിക്കൂ പറയാം

? പൊതുവിവാഹ ചട്ടപ്രകാരം എന്റെ വിവാഹം പഞ്ചായത്തിൽ റജിസ്റ്റർ ചെയ്തു തരണമെന്നുണ്ട്. എന്നാൽ വിവാഹം കഴിഞ്ഞ ഉടൻ ഞാൻ വിദേശത്തേക്കു പോയി. ഇനി എത്ര ദിവസത്തിനുള്ളിൽ റജിസ്റ്റർ ചെയ്യാൻ കഴിയും?

● 2008 ലെ കേരള വിവാഹങ്ങൾ റജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരം നിർദ്ദേശിക്കുന്ന പരിധിയിൽ ഇപ്പോൾ ഭേഗദതി വരുത്തിയിട്ടുണ്ട്. ഒരു വർഷം എന്നത് അഞ്ചു വർഷം എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്.(സ.ഉ.(പി)57/2014/നിയമം തീയതി.16.4.2014)

? വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ സംഭവിക്കുന്ന മരണം എവിടെയാണ് റജിസ്റ്റർ ചെയ്യേണ്ടത്?

● വാഹനത്തിൽ വച്ചു നടന്ന മരണം ആ വാഹനം എവിടെയാണോ നിറുത്തുന്നത് അവിടെയുള്ള റജിസ്ട്രേഷൻ യൂണിറ്റിൽ ഒരു സത്യപ്രസ്താവന സഹിതം റജിസ്റ്റർ ചെയ്യേണ്ടതാണ്.(സർക്കുലർ നമ്പർ 32859/ആർ.ഡി 3/2011/ ത സ്വ ഭ വ തീയതി 16.4.2014)

? കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിക്കപ്പെട്ടവരുടെ അവധി. യാത്രാബത്ത, തുടങ്ങിയവ സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണ്?

● കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിക്കപ്പെട്ടവർക്ക് ഒരു വർഷത്തിൽ അവധി ദിവസങ്ങളുൾപ്പെടെ തുടർച്ചയായി ഏഴുദിവസത്തിൽ കവിയാതെ വർഷത്തിൽ 12 ദിവസത്തെ കാഷ്വൽ അവധിക്ക് അർഹതയുണ്ടായിരിക്കും. 1/11 എന്ന നിരക്കിൽ ഒരു വർഷം 15 (പതിനഞ്ച്) ദിവസത്തെ ആർജിത അവധിക്ക് അർഹതയുണ്ടായിരിക്കും.ആർജിത അവധി സറണ്ടർ ഒറ്റ പ്രാവശ്യമായേ അനുവദിക്കാൻ പാടുള്ളൂ. അടുത്ത വർഷത്തേക്ക് തുടർന്നും അവരെ നിയമിക്കുകയാണെങ്കിൽ ആർജിത അവധി ക്യാരി ഓവർ ചെയ്യാൻ പാടുള്ളതല്ല. കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവർക്ക് യാത്രാബത്തയ്ക്കു അർഹതയുണ്ടായിരിക്കുന്നതല്ല.(സ.ഉ.(സാധാ)നമ്പർ 457/2014/തസ്വഭവ. തീയതി.18.2.2014)

? ഗ്രാമപഞ്ചായത്തുകളിൽ ഐ.എസ്.ഒ. 9001-2008 സർട്ടിഫിക്കേഷൻ വേണമെന്നു പറയുന്നു. ഇതിനു പ്രത്യേക മാർഗ്ഗരേഖയോ നിയമാവലിയോ ഉണ്ടാക്കിയിട്ടുണ്ടോ?

● ഐ.എസ്.ഒ സാക്ഷ്യപത്രം നേടുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശസ്വയംഭരണവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ പരിശോധിക്കുക.(സ.ഉ.(എം.സ്) നമ്പർ 373/2013/ത സ്വ ഭ വ. തീയതി.2.12.2013)

? മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പുപദ്ധതി പ്രകാരം കരാർ നിയമനം നടത്തിയ അസി.എഞ്ചിനീയർ/ഓവർസിയർ/ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവർക്ക് പ്രസവാവധി നൽകാമോ?

● പ്രസവാവധി അനുവദിക്കാം. തിരികെ വരുമ്പോൾ നിയമനകാലാവധി കഴിഞ്ഞുവെങ്കിൽ വീണ്ടും പുതിയതായി നിയമനം നടത്തണം. അവധിക്കാലത്ത് വേതനം നൽകാൻ വ്യവസ്ഥയില്ല.

? ഗ്രാമപഞ്ചായത്തിന്റെ ഭവനനിർമ്മാണ ആനുകൂല്യത്തിന് അപേക്ഷ നൽകിയ ആൾ 2007-ൽ ബ്ലോക്ക് പഞ്ചായത്തിൽനിന്ന് ഭവനനിർമ്മാണത്തിനുള്ള ആനുകൂല്യം കൈപ്പറ്റിയതായി അന്വേഷണത്തിൽ മനസ്സിലായി. ഇപ്പോൾ നൽകിയ അപേക്ഷപ്രകാരം അദ്ദേഹത്തെ തെരഞ്ഞെടുക്കാമോ?

● സർക്കാരിൽനിന്ന് ഒരിക്കൽ ഭവനനിർമ്മാണ ധനസഹായം ലഭിച്ചയാൾക്ക് വീണ്ടും അതേ ആനുകൂല്യം നൽകണമെങ്കിൽ ചുരുങ്ങിയത് പന്ത്രണ്ടുവർഷം കഴിഞ്ഞിരിക്കണം.(ആസൂത്രണമാർഗ്ഗരേഖ സ.ഉ. (എം.എസ്)362/2013 ത സ്വ ഭ വ.തീയതി.16.11.2013 ഖ.11.9)

? വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം എന്ന പദ്ധതിയിൽ രണ്ടാം വിവാഹത്തിനു അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ആദ്യവിവാഹത്തിനു ആനുകൂല്യം നൽകിയിട്ടില്ല. ഇപ്പോൾ രണ്ടാവിവാഹത്തിനു ആനുകൂല്യം നൽകാമോ?

● വിവാഹധനസഹായത്തിനുള്ള അപേക്ഷയിൽ അർഹതാമാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ നൽകാവുന്നതാണ്. രണ്ടാം വിവാഹത്തിനു നൽകാൻ പാടില്ലെന്നു വ്യവസ്ഥയില്ല.

? കില കൽപ്പിത സർവകലാശാലയാക്കുന്നതിന് നിശ്ചിത തുക ഓരോ തദ്ദേശഭരണസ്ഥാപനങ്ങളും അടയ്ക്കുവാൻ 5.3.2012 ൽ ഉത്തരവുണ്ടായിരുന്നു. ആ വർഷം അടയ്ക്കാതിരുന്നവർക്ക് ഇപ്പോൾ അടയ്ക്കാൻ കഴിയുമോ?

● കില കൽപ്പിത സർവകലാശാലയാക്കുന്നതിന് ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും നിശ്ചിത തുക അടയ്ക്കണമെന്ന് 5.3.2012 ൽ സ.ഉ.(കൈ) 69/2012 ത സ്വ ഭ വ നമ്പർ ഉത്തരവുണ്ടായിരുന്നു. ആ ഉത്തരവുപ്രകാരം തുക അടയ്ക്കാത്തവർക്ക് അനുവാദം നൽകിക്കൊണ്ട് പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ മാർഗ്ഗരേഖയിൽ(ജി.ഒ. (എം.സ്) 225/2012 ത സ്വ ഭ വ തീയതി 18.8.2012 ൽ വകുപ്പ് 8 ഖണ്ഡിക 4 ൽ പരാമർശിച്ചിട്ടുണ്ട്. ടി. ഉത്തരവ് പരിഷ്ക്കരിച്ച് ജി.ഒ.(എം.സ്)362/13 ത സ്വ ഭ വ തീയതി.16.11.2013 ൽ ഇറക്കിയ ഉത്തരവിലും അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് അടയ്ക്കാത്ത സ്ഥാപനങ്ങൾക്കും ഭാഗികമായി തുക അടച്ച സ്ഥാപനങ്ങൾക്കും തുക അടയ്ക്കാവുന്നതാണ്.

? വലിയ കെട്ടിടങ്ങൾ പണിയുമ്പോൾ പരിതസ്ഥിതി വകുപ്പിന്റെ അനുമതി ആവശ്യമാണെന്ന് പറയുന്നതു ശരിയാണോ?

● ശരിയാണ്.20,000 ചതുരശ്രമീറ്ററിന് മുകളിൽ വലിപ്പമുള്ള കെട്ടിടങ്ങളും അഞ്ച് ഹെക്ടർ ഏരിയായിൽ കൂടുതൽ ഭൂവിനിയോഗവും നടത്തുമ്പോൾ ഇ.എ.ഐ നോട്ടിഫിക്കേഷൻ പ്രകാരമുള്ള സംസ്ഥാനതല പരിസ്ഥിതി ഇംപാക്ട് അസസ്മെന്റ് അതോരിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമാണ്.(സർക്കുലർ നമ്പർ.78877/ആർ.എ.1/2013/ തീയതി 12.3.2014 ത സ്വ ഭ വ.)

? ഗ്രാമസഭ കോർഡിനേറ്റർമാരായി അധ്യാപകരെ ചുമതലപ്പെടുത്താമോ?

● ചുമതലപ്പെടുത്താം. ഗ്രാമപഞ്ചായത്തിനും മുനിസിപ്പാലിററിക്കും വിട്ടുകിട്ടിയ ഏതൊരു സ്ഥാപനത്തിലേയും ഉദ്യോഗസ്ഥരെ തദ്ദേശഭരണത്തിന്റെ കേന്ദ്രബിന്ദുവായ ഗ്രാമസഭ/വാർഡ്സഭ കോർഡിനേറ്റർമാരായി ചുമതലപ്പെടുത്താം.(സർക്കുലർ നമ്പർ. 56431/ഡി.എ.3/2013 തീയതി 20.2.2014 ത സ്വ ഭ വ.

? നിലം നികത്തു ഭൂമിയിലെ വാസഗൃഹങ്ങൾക്ക് അനുമതി നിഷേധിക്കുന്നു. വാസഗൃഹങ്ങൾക്ക് അനുമതി നൽകാമെന്ന് ഉത്തരവുള്ളതായി അറിയുന്നു. ശരിയാണോ?

● മറ്റൊരിടത്തും സ്വന്തമായി വാസഗൃഹമില്ലാത്തവർക്കും വീടുവയ്ക്കാൻ വേറെ സ്ഥലമില്ലാത്തവർക്കും നിലം നികത്തു ഭൂമിയിൽ ചില വ്യവസ്ഥകൾക്ക് വിധേയമായി 300 ചതുരശ്രമീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള ഒരു വീടുനിർമ്മിക്കാൻ അനുമതി നൽകാവുന്നതാണ്.(സർക്കുലർ നമ്പർ 4545/ആർ.എ.1/2011 ത സ്വ ഭ വ തീയതി.22.2.2011)

### ചോദ്യങ്ങൾക്ക് മറുപടി

പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്. ഫോൺ നമ്പർ-0487 2204097



ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടി കില തയ്യാറാക്കിയ വിവിധ മാന്വലുകളെക്കുറിച്ച്
കിലയിൽ സംഘടിപ്പിച്ച ദേശീയ ശില്പശാല

# കില തയ്യാറാക്കിയ മാന്വലുകളെക്കുറിച്ചു ദേശീയ ശിൽപ്പശാല

**കേ**രളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നടപ്പാക്കിവരുന്ന കേരള ലോക്കൽ ഗവണ്മെന്റ് സർവ്വീസ് ഡെലിവറി പ്രജോക്ടിന്റെ(കെ.എൽ.ജി.എസ്.ഡി.പി) ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടി കില തയ്യാറാക്കിയ വിവിധ മാന്വലുകളുടെ (കരട്) ദേശീയ ശില്പശാല കിലയിൽ നടന്നു. കേന്ദ്രഗ്രാമവികസനവകുപ്പ് അഡീഷഷ്ണൽ സെക്രട്ടറി എസ്.എം.വിജയാനന്ദ്, മീനാക്ഷി സുന്ദരം (ഐ.എ.എസ്.റിട്ടയേർഡ്),മിറാഡ, എക്സിക്യൂട്ടീവ് ചെയർമാൻ, എം.എൻ. റോയ് (ഐ.എ.എസ്, റിട്ടയേർഡ്) പശ്ചിമബംഗാൾ മുൻ പഞ്ചായത്ത് രാജ് ഗ്രാമവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, വിവിധ മാന്വലുകൾ തയ്യാറാക്കിയവരും സൂക്ഷ്മപരിശോധന നടത്തിയവരുമായ വിദഗ്ധർ തുടങ്ങി 31 പേരാണ് ശില്പശാലയിൽ പങ്കെടുത്തത്.

എസ്.എം. വിജയാനന്ദ് അദ്ധ്യക്ഷനായിരുന്നു. കില ഡയറക്ടർ ഡോ.പി.പി.ബാലൻ സ്വാഗതമാശംസിച്ചു. മാന്വലുകൾ തയ്യാറാക്കാനുണ്ടായ സാഹചര്യവും മറ്റനുബന്ധ കാര്യങ്ങളും അദ്ദേഹം ഹ്രസ്വമായി പ്രതിപാദിച്ചു. തുടർന്ന് കിലയിലെ കെ.എൽ.ജി.എസ്.ഡി.പി.യുടെ നോഡൽ ഓഫീസർ ഡോ. ജെ.ബി. രാജൻ മാന്വൽ തയ്യാറാക്കുന്നതിന് അവലംബിച്ച രീതിശാസ്ത്രം വിശദീകരിച്ചു.അടിസ്ഥാനപരമായി പാലിക്കേണ്ട ചില രീതികളെക്കുറിച്ച് സൂചിപ്പിച്ച മീനാക്ഷിസുന്ദരം പ്രധാനമായും രണ്ടു തരം ചിന്താഗതികൾ മാന്വൽ തയ്യാറാക്കുന്നതിൽ നിലവിലുണ്ടെന്ന് എടുത്തുപറയുകയുണ്ടായി.ഒന്ന്- മാന്വൽ വലിപ്പമേറിയതാകരുത്.രണ്ട്- മാന്വലിലെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും ഉൾക്കൊള്ളാൻ പറ്റുന്നതായിരിക്കണം. കില തയ്യാറാക്കിയ മാന്വലുകളുടെ കരടുരൂപം, പൊതുവിൽ മെച്ചപ്പെട്ടതാണെന്ന് എല്ലാവരും അഭിപ്രായപ്പെടുകയുണ്ടായി. തയ്യാറാക്കിയ മാന്വലുകൾ കരടുരൂപത്തിലുള്ളവയാണെങ്കിലും അവ പൂർണ്ണതയുള്ളവയാണെന്ന് അഭിപ്രായപ്പെടുകയുണ്ടായി. തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനരീതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് മിക്കപ്പോഴും വ്യക്തതയില്ലാത്തതിനാൽ മാന്വലുകൾ കൂടുതൽ വിശദമായി പ്രതിപാദിക്കുന്നത് ഉചിതമായിരിക്കുമെന്ന് എം.എൻ. റോയ് ഊന്നിപ്പറയുകയുണ്ടായി.

മാന്വൽ ഉചിതമായ മാർഗ്ഗരേഖാ പുസ്തകമോ, മുൻകാല ഉത്തരവുകളുടെ ഒരു സംക്ഷിപ്ത സമാഹാരമോ ആയിരിക്കണമെന്ന് എസ്.എം.വിജയാനന്ദ് അഭിപ്രായപ്പെട്ടു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനാവശ്യമായ എല്ല ഘടകങ്ങളും മാന്വലിൽ ഉൾക്കൊള്ളിക്കേണ്ടതാണെന്ന് അദ്ദേഹം നിർദ്ദേശിച്ചു. മാന്വലുകളുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുവാൻ തുടങ്ങിയാൽ ഇതുവരെ ഇറക്കിയിട്ടുള്ള എല്ലാ ഉത്തരവുകളേയും ഉൾക്കൊള്ളുന്നതാകണമെന്നും ഇതുവരെയുണ്ടായിട്ടുള്ള അനുയോജ്യവും ഉചിതവും മാതൃകാപരവുമായ എല്ലാ പ്രവർത്തനങ്ങളുടെയും ഭരണപരമായ മേന്മയേറിയ പ്രവർത്തനങ്ങളുടെയും അന്ത:സത്ത ഈ മാന്വലുകളിലൂടെ നിലനിൽക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. തദ്ദേശഭരണസ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാന്വലുകൾ തയ്യാറാക്കുന്ന പ്രക്രിയ സങ്കീർണ്ണത നിറഞ്ഞ ഒന്നാണെന്നും കിലയുടെ മുൻകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഈ മാന്വലുകൾക്ക് തദ്ദേശഭരണസ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ദീർഘകാല ഗുണഫലം ഉണ്ടാക്കുവാൻ കഴിയുമെന്നും അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി.

കേരള ഗ്രാമപഞ്ചായത്ത് ബജറ്റ് മാന്വൽ, തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ആസ്തി സരംക്ഷണ മാന്വൽ, കേരള ഗ്രാമപഞ്ചായത്ത് ഓഫീസ് മാനേജ്മെന്റ് മാന്വൽ, തദ്ദേശഭരണസ്ഥാപനങ്ങൾക്കുവേണ്ടിയുള്ള വാങ്ങൽ മാന്വൽ എന്നിവയെക്കുറിച്ചായിരുന്ന ചർച്ച.

ശില്പശാലയിൽ നടന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും ആശയങ്ങളും സ്വാംശീകരിച്ച് അവ മാന്വലിന്റെ അന്തിമമാക്കുന്ന ഘട്ടത്തിൽ ഉൾക്കൊള്ളിക്കുന്നതാണെന്ന് കില ഡയറക്ടർ ഉറപ്പുനൽകി. മധുനാരായണൻ (ഫാക്കൽട്ടി, സോഷ്യൽ ഡെവലപ്മെന്റ്, കില) നന്ദി പ്രകാശിപ്പിച്ചു.

## കില ഡയറക്ടർ ടീം ലീഡർ

**പഞ്ചായത്ത്** രാജ് ശാക്തീകരണത്തിനുള്ള രാജീവ്ഗാന്ധി പഞ്ചായത്ത് ശാക്തീകരൺ അഭിയാന്റെ (ആർ.ജി.പി.എസ്.എ) ദേശീയ അസസ്മെന്റ് ടീം ലീഡറായി കില ഡയറക്ടർ ഡോ.പി.പി.ബാലനെ കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം നോമിനേറ്റു ചെയ്തു. രാജസ്ഥാൻ, മഹാരാഷ്ട്ര, തമിഴ്നാട്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളുടെ ചുമതലയാണ് അദ്ദേഹത്തിനുള്ളത്. ആർ.ജി.പി.എസ്.എ പരിപാടികളുടെ ഭാഗമായ വിവിധ പരിശീലനപരിപാടികൾ, വരുമാനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ, കെട്ടിടങ്ങളില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം, ഉദ്യോഗസ്ഥനിയമനങ്ങൾ തുടങ്ങിയവയുടെ മേൽനോട്ടമാണ് അസസ്മെന്റ് ടീമിന് നിർവഹിക്കാനുള്ളത്.



ശിശുസൗഹൃദ പഞ്ചായത്തുകൾ  നടപ്പിലാക്കുന്നതിനു കിലയും യൂണിസെഫും സംയുക്തമായി സംഘടിപ്പിച്ച ശില്പശാല

## കുട്ടികളുടെ അവകാശസംരക്ഷണത്തിനു ശിശുസൗഹൃദ പഞ്ചായത്ത്

**കു**ട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും ഉറപ്പാക്കാനും ശിശുസൗഹൃദ പഞ്ചായത്തുകൾ  നടപ്പിൽ വരുത്തുന്നതിനു കിലയും യൂണിസെഫും ശ്രമം തുടങ്ങി.ഇതിനുള്ള ഓപ്പറേഷൻ മാന്വൽ  രൂപപ്പെടുത്തുന്നതിനു കിലയിൽ  ശില്പശാല സംഘടിപ്പിച്ചു.  കുട്ടികളുടെ പ്രധാനപ്പെട്ട അവകാശങ്ങളായ അതിജീവനം, വികസനം, സുരക്ഷിതത്വം, പങ്കാളിത്തം എന്നിവ ഒരുപോലെ സുരക്ഷിക്കപ്പെടുന്നതിന് തദ്ദേശഭരണകൂടങ്ങൾ സ്വീകരിക്കേണ്ട നടപടികളാണ്  ശിൽപ്പശാല ചർച്ച ചെയ്തത്. കുട്ടികൾക്കുവേണ്ടിയുള്ള  ദേശീയ നയങ്ങളേയും നിയമങ്ങളേയും അടിസ്ഥാനപ്പെടുത്തി അവരുടെ അവകാശങ്ങൾ ഉറപ്പാക്കുന്ന ഗ്രാമപഞ്ചായത്തുകളെ ശിശുസൗഹൃദ പഞ്ചായത്തുകളായി പ്രഖ്യാപിക്കും.  ആരോഗ്യം, വിദ്യാഭ്യാസം, പോഷണം, പങ്കാളിത്തം, സുരക്ഷിതത്വം തുടങ്ങിയ വിഷയമേഖലകളിൽ അന്താരാഷ്ട്രനിലവാരമുള്ള സൂചകങ്ങൾ മാനദണ്ഡങ്ങളാക്കും. എല്ലാ മേഖലകളിൽ നിന്നുമായി 10 സൂചകങ്ങളെങ്കിലും ഉറപ്പാക്കാൻ കഴിയുന്ന പഞ്ചായത്തുകളെയാണ് ശിശുസൗഹൃദ പഞ്ചായത്തുകളായി പ്രഖ്യാപിക്കുക. ഇതിനാവശ്യമായ പൈലറ്റ് സ്റ്റഡി നടത്തി  കൈപ്പുസ്തകങ്ങൾ തയ്യാറാക്കുന്ന ചുമതല കില ഏറ്റെടുക്കും. കില ഡയറക്ടർ ഡോ.പി.പി. ബാലൻ അദ്ധ്യക്ഷത വഹിച്ച ശിൽപ്പശാലയിൽ ഡോ. കെ.ആർ. ആന്റണി, ഡോ.ജയപ്രകാശ്, ഡോ.ജയകൃഷ്ണൻ, ഡോ.സതീശ്, ഡോ.അനന്തകേശവൻ, സാമൂഹ്യനീതി, വിദ്യാഭ്യാസ, ഗതാഗത വകുപ്പ് ഉദ്യോഗസ്ഥർ, സന്നദ്ധസംഘടനാപ്രതിനിധികൾ, കില എക്സ്റ്റൻഷൻ ഫാക്കൽറ്റി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. ചൈൽഡ് റിസോഴ്സ് സെന്റർ അസോസിയേറ്റ് പ്രൊഫസർ ഡോ.പീറ്റർഎം.രാജ് ആമുഖപ്രഭാഷണം നടത്തി. കൺസൾട്ടന്റ്  കെ.എൽ.സുധാമണി, ട്രെയിനിംഗ് അസോസിയേറ്റ്  എൽക്ക ചാർളി എന്നിവർ സംസാരിച്ചു.




## സേവനാവകാശം:നഗരസഭ ജനപ്രതിനിധികൾക്ക് പരിശീലനം

**സേ**വനാവകാശ നിയമത്തെക്കുറിച്ച് നഗരസഭകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കുമുള്ള പരിശീലനം കിലയിൽ തുടങ്ങി. കോഴ്സ് ഡയറക്ടറും കില അസോസിയേറ്റ് പ്രൊഫസറുമായ ഡോ.സണ്ണി ജോർജ് പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു. കോർഡിനേറ്റർ ആർ. ബാലഗംഗാധരൻ സംസാരിച്ചു. കണ്ണൂർ,കോതമംഗലം, കോട്ടയം, മൂവാറ്റുപുഴ, പാലക്കാട്, പയ്യന്നൂർ, പെരിന്തൽമണ്ണ, പൊന്നാനി, വടകര മുനിസിപ്പാലിററികളിൽനിന്നുള്ളവരാണ് രണ്ടുദിവസത്തെ പരിശീലനത്തിൽ പങ്കെടുത്തത്.

കെ.ഗോവിന്ദൻ, ടി.എസ്. സൈഫുദ്ദീൻ, അജയ്കുമാർ, പി.രാധാകൃഷ്ണൻ, ബിനു ഫ്രാൻസിസ്, ജി.കെ.സദനരാജൻ, പി.വി. പത്മനാഭൻ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.


**KILA News letter** Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulankunnathukavu (P.O) Thrissur-680581
(for private circulation only)